**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2060 05.05.2017-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികളോ തീരുമാനങ്ങളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരു ഗുണഭോക്താവിന് 10 ലക്ഷം രൂപ ചെലവഴിച്ച് 25 സെന്റ് മുതൽ 1 ഏക്കർ ഭൂമി വരെ വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വനാവകാശ നിയമം (2006) പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത കൈവശാവകാശം നൽകി വരുന്നു. സുപ്രീം കോടതി വിധി പ്രകാരം വിട്ടു കിട്ടിയ 7149 ഏക്കർ ഭൂമി കൂടി വിതരണത്തിന് ലഭ്യമായിട്ടുള്ളതും വിതരണം ചെയ്യുന്നതാണ്. |
| ബി) | ഈ സർക്കാർ ഭൂരഹിതരായ എത്ര ആദിവാസികൾക്ക് ഭൂമി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ? | ബി) | ഈ സർക്കാർ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 174 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമം (2006) പ്രകാരം 136 കുടുംബങ്ങൾക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത കൈവശാവകാശം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ